പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2216 **27-10-2026-ൽ മറുപടിയ്ക്ക്**

മട്ടന്നൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മട്ടന്നൂർ നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത തിരക്ക് കണക്കിലെടുത്ത്, മട്ടന്നൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണിക്കാമോ;

മറുപടി: മട്ടന്നൂർ നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത്തിരക്ക് കണക്കിലെടുത്ത്, പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) മട്ടന്നൂർ നഗരത്തിലെ ഗതാഗത തിരക്ക് നിയന്ത്രിക്കുന്നതിനായി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ കൂടുതൽ പോലീസുകാരെയും ഹോംഗാർഡുകളെയും നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

മറുപടി: മട്ടന്നൂർ നഗരത്തിലെ ഗതാഗത തിരക്ക് നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഗതാതഗത തിരക്കുള്ള സമയങ്ങളിൽ കൂടുതൽ പോലീസുകാരെയും ഹോംഗാർഡുമാരെയും ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ